**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 73** **24-06-2026-ൽ മറുപടിയ്ക്ക്**

## ഗോത്ര വിഭാഗം മെന്റർ അധ്യാപകരുടെ സേവനം നിലനിർത്താൻ നടപടി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. യു. ആർ. പ്രദീപ്

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഗോത്ര മേഖലയിലെ വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുക, പഠനത്തിൽ അവർക്ക് പിന്തുണ നൽകുക, ഗോത്രവിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളുമായി കഴിഞ്ഞ സർക്കാർ നിയമിച്ച ഗോത്ര വിഭാഗം മെന്റർ അധ്യാപകരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷ പ്രശ്നം പരിഹരിക്കുക, വിദ്യാഭ്യാസ ഉന്നമനം ഉറപ്പാക്കുക എന്നിവ ലക്ഷ്യമാക്കി സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.

മെന്റർ ടീച്ചർമാർക്ക് ഓരോ അദ്ധ്യയന വർഷത്തേക്ക് മാത്രമായി നൽകുന്ന താൽക്കാലിക നിയമനങ്ങളാണ് ഇവ. ഇതനുസരിച്ച് ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും അവരുടെ സേവനം അവസാനിക്കുന്നു.

പുതിയ അധ്യയന വർഷത്തിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഗോത്രവിഭാഗം മെന്റർ അധ്യാപകരെ പിരിച്ചു വിടുന്നതുവഴി ആദിവാസി മേഖലയിലെ വിദ്യാഭ്യാസ രംഗത്തും കുട്ടികളുടെ സാമൂഹിക ജീവിതത്തിലും ഉണ്ടാകാനിടയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉൾക്കൊണ്ട് പ്രസ്തുത അധ്യാപകരെ പിരിച്ചുവിടാനുള്ള തീരുമാനം പിൻവലിക്കാമോ; വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**